# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3139 — 11.12.14 ൽ - മറുപടിക്ക്

**ഭക്ഷ്യസുരക്ഷാ നിയമം - പ്രയോറിറ്റി കാർഡുകൾ വിതരണം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. മുല്ലക്കര രത്നാകരൻ<br>,, കെ. അജിത്<br>,, ജി.എസ്. ജയലാൽ<br>ശ്രീമതി ഗീതാ ഗോപി | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | ഭക്ഷ്യസുരക്ഷാ നിയമപ്രകാരമുള്ള പ്രയോറിറ്റി കാർഡുകൾ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കാർഡുകൾ വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാം; | (എ) | ഉണ്ട്. 14.01.2011 ലെ സ.ഉ(കൈ)നം.16/11/ത.സ്വ.ഭ.വ, 27.04.2012 ലെ സ.ഉ.(കൈ) നം.112/12/ത.സ്വ.ഭ.വ. എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അപേക്ഷാ ഫാറം നിലവിലെ കാർഡുടമകൾക്ക് റേഷൻകടകൾ വഴി നൽകി, പൂരിപ്പിച്ച അപേക്ഷകൾ പ്രത്യേകം സംഘടിപ്പിക്കുന്ന ക്യാമ്പുകളിലൂടെ കുടുംബത്തിലെ മുതിർന്ന വനിതയുടെ ഫോട്ടോ എടുക്കുന്നതിനൊപ്പം തിരികെ വാങ്ങി, ഡാറ്റാ എൻട്രി നടത്തി 14.01.2011 ലെ സ.ഉ(കൈ)നം.16/11/ത.സ്വ.ഭ.വ പ്രകാരം റാങ്കിംഗ് നടത്തി തയ്യാറാക്കുന്ന കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങളും പരാതികളും സ്വീകരിച്ച്, പരിഹരിച്ച് പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകുന്ന മുൻഗണനാ പട്ടികയുടെ അടിസ്ഥാനത്തിൽ മുൻഗണനാ കാർഡുകൾ നൽകുന്നതാണ്. |
| (ബി) | ഭക്ഷ്യസുരക്ഷാ നിയമം എന്നു മുതൽ നടപ്പാക്കണമെന്നാണ് കേന്ദ്രം നിർദ്ദേശിച്ചിരുന്നതെന്ന് വെളിപ്പെടുത്തുമോ; | (ബി) | ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിന് 2015 ഏപ്രിൽ മാസം വരെ സമയം കേന്ദ്രം അനുവദിച്ചിട്ടുണ്ട്. |
| (സി) | ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കുന്നതിന് മുന്നോടിയായി ബി.പി.എൽ., എ.പി.എൽ. എന്നിവയുടെ കൃത്യമായ കണക്ക് കേന്ദ്രഭക്ഷ്യ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് നൽകിയിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | സംസ്ഥാനത്ത് ഇതനുസരിച്ചുള്ള പുതിയ റേഷൻകാർഡുകൾ നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (ഡി) | റേഷൻ കാർഡുകൾ പുതുക്കുന്നതിനുള്ള അപേക്ഷാ ഫാറത്തിന്റെ അച്ചടി പൂർത്തിയാക്കി വിവിധ ജില്ലകളിൽ എത്തിച്ചുകൊണ്ടിരിക്കുന്നു. 01.01.2015 മുതൽ റേഷൻ കടകളിലൂടെ ഫാറം വിതരണം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ